പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1151 — 04.02.2019-ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിലെ നടമ്മൽകടവ് പാലം പണി

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം : | | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ നടമ്മൽകടവ് പാലത്തിന് ഭരണാനുമതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) സർക്കാർ ഉത്തരവ് G.O(Rt)No. 269/2011/PWD dated 17.02.2011 പ്രകാരം 840 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി). | ഇതിനായി ഇതുവരെ എത്ര ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളതെന്നും പ്രവൃത്തി ടെണ്ടർ ചെയ്തിട്ടും പാലത്തിന്റെ പണി ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായതെങ്ങനെയെന്നും അറിയിക്കുമോ; | (ബി) പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. റവന്യൂ വിഭാഗം ഭൂമി ഏറ്റെടുത്ത് നൽകാത്തതിനാൽ പാലത്തിന്റെ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) | ഭൂമി ഏറ്റെടുക്കുന്നതിൽ വരുന്ന കാലതാമസം അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പൊന്നും വിലയ്ക്കെടുക്കേണ്ട ഭൂമിയിൽ പ്രവേശിക്കാൻ തടസ്സം നിൽക്കുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) സർവ്വേ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരം സെക്ഷൻ 6(1) നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയതിനു ശേഷം ഭൂമിയിൽ പ്രവേശിക്കുന്നതിന് തടസ്സപ്പെടുത്തുന്നവർക്കെതിരെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ക്രിമിനൽ നടപടി സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ